ഉത്തരം

(എ & ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ളതും അവയുടെ വികസനത്തിനാവശ്യമില്ലാത്തതുമായ സ്ഥലം എത്രയുണ്ടെന്നും അവ വ്യാവസായികാവശ്യത്തിനായി ഉപയോഗിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കുന്നതിനും കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്; ഇവ എങ്ങിനെ വിനിയോഗിക്കണമെന്ന് തീരുമാനിച്ചിട്ടില്ല.

(സി) ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല.

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഒറ്റത്തവണ സഹായ പദ്ധതി

51 [2188] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്: വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്തെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളെയാണ് സാമ്പത്തികമായി ഒറ്റത്തവണ സഹായ പദ്ധതി പ്രകാരം സാമ്പത്തിക സഹായം നൽകി പ്രവർത്തനക്ഷമമാക്കിയിട്ടുള്ളത്;

(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് അടച്ചുപൂട്ടിയിട്ടുള്ളത്;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്തെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾക്കാണ് സർക്കാർ ഫണ്ട് നൽകി പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റത്തവണ സഹായ പദ്ധതി നൽകി ലാഭകരമാക്കാവുന്ന സ്ഥാപനങ്ങളെക്കുറിച്ച് ക്യാബിനറ്റ് സബ്കമ്മിറ്റി പരിശോധിച്ചു വരുന്നതേ ഉള്ളൂ.

(ബി) അഞ്ച് പൊതുമേഖലാ സ്ഥാപനങ്ങളും രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ ഡിവിഷനും അടച്ചുപൂട്ടിയിട്ടുണ്ട്.

(സി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

ജില്ലാതല കർമ്മ സമിതികൾ

52 [2189] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, മഞ്ഞളാംകുഴി അലി:
,, എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പീഡിത വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിന് സർക്കാരിന് ഉപദേശം നൽകുന്നതിനായി ജില്ലാതലത്തിൽ കർമ്മസമിതികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ഉപദേശങ്ങൾ ലഭിക്കുകയുണ്ടായി;

† അനുബന്ധം V കാണുക.

LIBRARY ARCHIVES Kerala Legislative Assembly